(ബി) ട്രാഫിക്ക് ഹെഡ് കാൺസ്റ്റബിൾ സുകുമാരൻനായരുടെ മേൽ ഇക്കാര്യത്തിൽ ആരോപണമില്ലേ;

(സി) ഇത്തരം ആരോപണങ്ങൾ ഇതിനുമുൻപു എത്ര പ്രാവശ്യം ഈ ഹെഡ് കാൺസ്റ്റബിളുടെമേൽ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്;

(ഡി) പ്രസ്തുത മർദ്ദനത്തെ സംബന്ധിച്ചു അന്വേഷണം നടത്തുകയുണ്ടായോ; ആരാണ് അന്വേഷിച്ചതെന്നും എന്താണ് അന്വേഷണഫലമെന്നും പറയുമോ;

(ഇ) ഈ മർദ്ദനക്കാര്യം അന്വേഷിച്ചതിനുശേഷം എന്തു ശിക്ഷണനടപടികൾ കൈക്കൊണ്ടു?

ഉത്തരം.

(എ) 1955 ജനുവരി 29-ാംനു.

(ബി) ഉണ്ട്.

(സി) ഒരിക്കൽ മാത്രം.

(ഡി) ചാലക്കുടി സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(ഇ) മുൻഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 25-3-1955

ട്രാൻസ്പോർട്ട് സർവ്വീസ്.

160. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമരവിള-ആനപ്പാറ റോഡിലേയ്ക്ക് ട്രാൻസ്പോർട്ട് സർവ്വീസു ദീർഘിപ്പിക്കണമെന്നു കാണിച്ച് ഗവണ്മെൻറിനു എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉവ്വെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(സി) പ്രസ്തുത ലൈൻ ദേശവൽക്കരിക്കാൻ ഉടനടി വേണ്ടതു ചെയ്യുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) നടപടി ഒന്നും എടുത്തിട്ടില്ല.

(സി) ആലോചിക്കാം.

പുതിയ സ്കൂളുകൾ.

161. [2] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റശ്ശേഖരമംഗലം വില്ലേജിൽ എത്ര സ്കൂളുകൾ താമസമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവിടെയുള്ള പ്രൈമറിയും മിഡിലും, സെക്കൻഡറിയും സ്കൂളുകളുടെ എണ്ണമെത്ര ;

(സി) ആ പ്രദേശത്തുനിന്നും പുതിയ സ്കൂളുകൾ ആരംഭിക്കുവാനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ട് 1947-നുശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) അവയെ സംബന്ധിച്ചുള്ള ഗവണ്മെൻറുത്തരവുകൾ എന്തെല്ലാമായിരുന്നു;

(ഇ) പ്രസ്തുത പ്രദേശത്ത് ഗവണ്മെൻറിൽനിന്നും ഒരു മിഡിൽ സ്കൂളെങ്കിലും സ്ഥാപിച്ചുകിട്ടണമെന്നു കാണിച്ച് നാട്ടുകാരുടെ പരാതികൾ ലഭിച്ചിട്ടില്ലേ ;

(എഫ്) അടുത്ത വിദ്യാലയവർഷം മുതലെങ്കിലും ഈ വില്ലേജിൽ ഒരു മിഡിൽസ്കൂൾ തുറക്കുവാൻ ഗവണ്മെൻറു തയ്യാറാകുമോ ?

ഉത്തരം.

(എ) 1951-ലെ സെൻസസ്സുപ്രകാരം 10,242.

(ബി) അവിടെ ആറ് പ്രൈമറിസ്കൂളുകൾ മാത്രമേ ഇപ്പോൾ ഉള്ളൂ.

(സി) ഡിപ്പാർട്ടുമെൻറ് പരസ്യപ്രകാരം നിർദ്ദിഷ്ടഫാറത്തിൽ 1954-ൽ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ഡി) മുൻപറഞ്ഞ അപേക്ഷ ഡിപ്പാർട്ടുമെൻറിൻെറ പരിഗണനയിലിരിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) 1955-56 സ്കൂൾവർഷത്തിൽ സ്കൂൾ തുടങ്ങുവാൻ കിട്ടിയിട്ടുള്ള അപേക്ഷ ഡിപ്പാർട്ടുമെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

പബ്ലിക്ക് വർക്സ് സബ്ഡിവിഷൻ കമ്മിറ്റി

162 [7] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) പബ്ലിക്ക് വർക്സ് സബ്ഡിവിഷൻ കമ്മിറ്റികൾ ചെയ്യുന്ന ഗ്രൂപാർശകൾ സെൻട്രൽ വർക്സ് കമ്മിറ്റി ഭേദപ്പെടുത്തുന്ന പതിവുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിലാണ്;

(സി) പബ്ലിക്ക് വർക്സ് സബ്ഡിവിഷൻ കമ്മിറ്റിയും, സെൻട്രൽ വർക്സ് കമ്മിറ്റിയും അംഗീകരിക്കാത്ത വേലകൾ നടത്തുന്ന പതിവുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ജോലികളുടെ ആവശ്യകതയും അവകൾക്ക് അനുവദിച്ചുകിട്ടുന്ന തുകയും അടിസ്ഥാനപ്പെടുത്തിയാണ് ഭേദപ്പെടുത്തലുകൾ ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly